"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW- വിശാല കൊച്ചി വികസന അതോറിറ്റിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശ്രീമതി. ശ്രീലത പി. ആർ-ന് മാതൃവകുപ്പിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.694/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. 29.08.2025-ലെ സ.ഉ(സാധാ)നം. 2134/2025/LSGD നമ്പർ ഉത്തരവ്
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി. ശ്രീലത പി.ആർ സമർപ്പിച്ച 25.02.2026-ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2026-ലെ LSGD/PD/6734/2026-DEA5 നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ പരാമർശം (1) ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യസ്ഥയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശ്രീമതി. ശ്രീലത പി. ആർ 30.09.2026 സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ 06.04.2026 മുതൽ 30.09.2026 വരെ LPR അനുവദിക്കുന്നതിന് മുന്നോടിയായി 05.04.2026 AN തീയതി പ്രാബല്യത്തിൽ ടിയാളെ അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനായി അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയിൽ അന്യത്ര സേവന വ്യസ്ഥയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശ്രീമതി. ശ്രീലത പി. ആർ നെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ച് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ്

എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. ശ്രീലത പി. ആർ ,സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി,എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi H P
സെക്ഷൻ ഓഫീസർ
Date: 11-03-2026 17:36:02